# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗവ ന്യൂ എൽ പി എസ്

## ചാത്തങ്കേരി

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി**

***2025 – 26***

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ സക്രിയമായി ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കുവാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി വിദ്യാലയവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കേണ്ടതുണ്ട്. നമ്മുടെ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കി മാറ്റുവാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുൻ വർഷങ്ങളിൽ വിദ്യാലയങ്ങൾ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനുകൾ പ്രളയത്തിന്റെയും കോവിഡിന്റെയും മറ്റ് മഹാമാരികളുടെയും പശ്ചാത്തലത്തിൽ വേണ്ടത്ര ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. കോവിഡ് മഹാമാരി വിദ്യാഭ്യാസ രംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനായി അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ പുതുക്കി രൂപീകരിക്കേണ്ടതായി വന്നു. 5 വർഷത്തെ വിദ്യാലയത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാനിൽ 2025-26 അധ്യയന വർഷത്തെ സൂക്ഷ്മതലാസൂത്രണം നടത്തി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര ഗുണമേന്മാ പദ്ധതി നമ്മുടെ സ്കൂളിലും നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിഷ്കരിച്ച പാഠ്യപദ്ധതി ചട്ടക്കൂടിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തിയ നവമായ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും അനുസരിച്ച് പഠനാനുഭവം നൽകാൻ അനുയോജ്യമായ പ്രവർത്തനങ്ങളാണ് ഈ സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് - ഗവ. ന്യൂ എൽ. പി. എസ്. ചാത്തങ്കരി

ആരംഭിച്ച വർഷം - 1961

വില്ലേജ് - പെരിങ്ങര

ജങ്ഷൻ - പെരിങ്ങര , മേപ്രാൽ

പഞ്ചായത്ത് - പെരിങ്ങര

ബ്ലോക്ക് - പുളിക്കീഴ്

ബി. ആർ. സി. - തിരുവല്ല

ജില്ല - പത്തനംതിട്ട

വിദ്യാഭ്യാസ ജില്ല - തിരുവല്ല

വിദ്യാഭ്യാസ ഉപജില്ല - തിരുവല്ല

പ്രഥമാധ്യാപിക - ജെസ്സി മാത്യു

മൊബൈൽ നമ്പർ - 8921779731

സ്കൂൾ കോഡ് - 37203

വാർഡ് നമ്പർ - 15

വാർഡ് മെമ്പർ - ശ്രീ. എബ്രഹാം തോമസ്

ഉപജില്ല വിദ്യാഭ്യാസ ആഫീസർ - ശ്രീമതി മിനികുമാരി വി

താലൂക്ക് - തിരുവല്ല

# അദ്ധ്യാപകരും വിവരങ്ങളും

| ക്രമ നമ്പർ | അദ്ധ്യാപകൻ/അദ്ധ്യാപികയുടെ പേര് | തസ്തിക | ചുമതലകൾ |
|---|---|---|---|
| 1. | ശ്രീമതി ജെസ്സി മാത്യു | പ്രഥമാധ്യാപിക | സ്കൂൾ മോണിറ്ററിംഗ് & കാര്യനിർവഹണം |
| 2. | കുമാരി ജോസ്മേരി എം ഡി | എൽ പി എസ് ടി | എസ് ആർ ജി കൺവീനർ |
| 3. | ശ്രീ. ജയകുമാർ എസ്. കെ | എൽ പി എസ് ടി | പി എസ് ഐ ടി സി, ഉച്ചഭക്ഷണം - ടീച്ചർ-ഇൻ-ചാർജ്ജ് |
| 4 | ശ്രീമതി ആരാധന എ ബി | എൽ പി എസ് ടി | ക്ലബ് & ദിനാചരണങ്ങൾ |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1. | ക്ലാസ്സ് മുറി | 4 (അധ്യയനയോഗ്യമല്ല) | 5 |
| 2. | ക്ലാസ്സ്മുറി (താൽക്കാലികം) | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ | – |
| 3. | ആൺ കുട്ടികൾക്കുള്ള ടോയ്ലറ്റ് | 1 | 1 |
| 4 | പെൺകുട്ടികൾക്കുള്ള ടോയ്ലറ്റ് | 1 | 1 |
| 5 | കളിസ്ഥലം | 1 | – |
| 6 | അടുക്കള | 1 (ആസ്ബെസ്റ്റോസ് ഷീറ്റ് മേഞ്ഞത്) | 1 |
| 7 | ഡൈനിംഗ് ഹാൾ | – | 1 |
| 8 | കിണർ | | |
| 9 | ചുറ്റുമതിൽ | 1 | – |
| 10 | ലൈബ്രറി | ഭാഗികം | പൂർണമായത് |
| 11 | റാമ്പ് | – | 1 |
| 12 | സ്മാർട്ട് ക്ലാസ്സ് റൂം | 1 | – |
| 13 | റീഡിംഗ് റൂം | – | 5 |
| 14 | ഓഡിറ്റോറിയം | – | 1 |
| 15 | കമ്പ്യൂട്ടർ | – | 1 |
| 16 | ലാപ്ടോപ്പ് | – 1 | 1 4 |
| 17 | മൈക്ക് സെറ്റ് | 1 | 0 |
| 18 | പ്രൊജക്ടർ | 1 | – |
| 19 | പ്രിന്റർ | 1 | – |
| 20 | നോട്ടീസ് ബോർഡ് | 1 | 1 |

# അവസ്ഥാപഠനം

## പാഠ്യപദ്ധതി വിനിമയം

### ഭാഷ - മേഖല - വായന

| | | |
|---|---|---|
| ആശയ വ്യക്തതയോടെ വായിക്കുന്നു | അധ്യാപികയുടെ സഹായത്തോടെ വായിക്കുന്നു | വായിക്കാൻ ശ്രമിക്കുന്നു |
| 60% | 30% | 10% |

### ഗണിതം - മേഖല - പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു

| | | |
|---|---|---|
| കുട്ടി സ്വയം അപഗ്രഥിച്ച് പ്രശ്നം പരിഹരിക്കുന്നു | അധ്യാപികയുടെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു | പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു |
| 40% | 40% | 20% |

### ശാസ്ത്രം - മേഖല - പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു

| | | |
|---|---|---|
| സ്വതന്ത്രമായി ആസൂത്രണം ചെയ്ത് അനുയോജ്യമായ ഉപകരണങ്ങൾ തിരഞ്ഞെടുത്ത് പരീക്ഷണം നടത്തി നിഗമനങ്ങളിലേർപ്പെടുന്നു | പരീക്ഷണങ്ങളിലേർപ്പെടുന്നു ശരിയായ നിഗമനത്തിലെത്തിച്ചേരാൻ കഴിയുന്നില്ല | അധ്യാപികയുടെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു |
| 40% | 40% | 20% |

## കലാ-കായിക പ്രവൃത്തിപരിചയ മേഖല

* കായിക മേഖലയിലെ പരിശീലനം കുട്ടികൾക്ക് നൽകുന്നതിന് സാഹചര്യം ലഭ്യമല്ല.
* കലാമേഖലകളിലും പ്രവൃത്തിപരിചയ മേഖലകളിലും കുട്ടികളുടെ പങ്കാളിത്തവും വിജയവും ഉറപ്പാക്കാൻ കഴിയുന്നുണ്ട്.

## പഠനാന്തരീക്ഷം

* സ്കൂൾ കെട്ടിടം ഇല്ലാത്തതിനാൽ വേർതിരിച്ച ക്ലാസ്മുറികളിൽ ഇരുന്ന് പഠിക്കാനുള്ള അവസരം പോലും കുട്ടികൾക്ക് ലഭിക്കുന്നില്ല.
* ക്ലാസ്മുറികളിൽ ജനാധിപത്യം, അവസരസമത്വം, സ്വതന്ത്രചിന്ത, ലിംഗസമത്വം, എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം എന്നിവ നടപ്പിലാക്കാൻ കഴിയുന്നുണ്ട്.
* അനുയോജ്യമായ പഠനോപകരണങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ട്.
* നല്ലൊരു അധ്യാപക-വിദ്യാർഥി ബന്ധം നിലനിർത്താൻ കഴിയുന്നുണ്ട്.
* ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല.
* ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാണ്. എന്നാൽ ലൈബ്രറിയ്ക്ക് പ്രത്യേക മുറിയോ ഫർണിച്ചറുകളോ ലഭ്യമല്ല.
* താൽക്കാലിക കെട്ടിടത്തിൽ അധ്യയനം നടക്കുന്നതിനാൽ സ്കൂളിന്റെ കളിസ്ഥലവും കളിയുപകരണങ്ങളും പ്രയോജനപ്പെടുത്താൻ പൂർണമായും സാധിക്കുന്നില്ല.
* ആവശ്യമായ എണ്ണം ക്ലാസ്മുറികളോ സ്കൂൾ കെട്ടിടമോ ഇല്ല.

## സാമൂഹ്യ ഇടപെടലുകൾ

* പി ടി എ , എം പി ടി എ , എസ് എം സി എന്നിവ നന്നായി പ്രവർത്തിക്കുന്നുണ്ട്.
* തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ സഹകരണം ലഭിക്കുന്നു.
* വിദ്യാലയ വികസനസമിതി ശക്തമല്ല.
* പൂർവ വിദ്യാർത്ഥി സംഘടന രൂപീകരിക്കപ്പെട്ടിട്ടില്ല.
* സന്നദ്ധ സംഘടനകളുടെയും ക്ലബ്ബുകളുടെയും സഹകരണം ഉണ്ട്.

# പ്രശ്നങ്ങൾ വെല്ലുവിളികൾ

## അക്കാദമികം

* മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനേട്ടം പൂർണ്ണമായും ഉറപ്പാക്കാൻ സാധിക്കുന്നില്ല.
* ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ നിർദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.
* പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
* ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
* പഠനപ്രക്രിയ പൂർണ്ണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
* കുട്ടികൾക്കാവശ്യമായ ഗൈഡ് ലൈൻസ് / കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമായ മാർഗങ്ങളുടെ അഭാവം.
* വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.

## ഭൗതികം

* സ്കൂൾ കെട്ടിടത്തിന്റെ അഭാവം.
* ഭൂമിശാസ്ത്രപരമായ ഉയർന്ന - താഴ്ന്ന പ്രദേശം
* ക്ലാസ് ലൈബ്രറിയ്ക്ക് പ്രത്യേക സൗകര്യമില്ല.
* കലാ കായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.
* താൽക്കാലികമായി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തിക്കുന്നതിനാൽ പാഠ്യവും പാഠ്യേതരവുമായ എല്ലാ പ്രക്രിയകളും ഫലപ്രദമായി നടപ്പിലാക്കുവാനുള്ള സൗകര്യം ഇല്ല.

## സാമൂഹികം

* വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
* പൂർവ വിദ്യാർത്ഥി സംഘടന, പൂർവ അധ്യാപക സംഘടന, എസ്.എം.സി, എസ്.എം.ഡി.സി, പി.ടി.എ. എന്നീ സ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
* പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് പൂർണമായും ഉറപ്പാക്കുന്നില്ല.
* കലാ-കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

# കാലാവസ്ഥാവ്യതിയാനവും പ്രകൃതിദുരന്തങ്ങളും

* അപ്പർകുട്ടനാട്ടിലെ വളരെ താഴ്ന്ന പ്രദേശമായതിനാൽ വെള്ളപ്പൊക്ക ഭീഷണി നേരിടുന്നു.
* വർഷവർഷങ്ങളിലുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ കുട്ടികളുടെ പഠനത്തെയും പഠന സൗകര്യങ്ങളെയും സാരമായി ബാധിക്കുന്നു.
* വെള്ളപ്പൊക്കം ഉണ്ടാകുന്നതിനാൽ വീട്ടിൽ നിന്നും മാറി താമസിക്കേണ്ടി വരുന്നു. കൂടാതെ ഗതാഗത തടസ്സവും ഉണ്ടാകുന്നു.
* പ്രകൃതി ദുരന്തങ്ങളിൽ ദുരിതാശ്വാസക്യാമ്പായി പ്രവർത്തിച്ചിരുന്ന സ്ഥാപനം കൂടിയാണിത്.

| പ്രശ്നങ്ങൾ | കാരണങ്ങൾ |
|---|---|
| * ആകർഷകമായ ക്ലാസ്മുറികൾ ഇല്ല.<br>* ക്ലാസിന് അനുയോജ്യവും അനുരൂപീകരിച്ചതുമായ ലൈബ്രറികൾ ഇല്ല. | സ്കൂളിന് സ്വന്തമായി കെട്ടിടം ഇല്ല. ഉണ്ടായിരുന്ന സ്കൂൾ കെട്ടിടം വർഷങ്ങൾക്കു മുമ്പ് നശിച്ചു പോയതിനാൽ ദുരിതാശ്വാസ ക്യാമ്പിനായുള്ള താൽക്കാലിക കെട്ടിടത്തിലാണ് അധ്യയനം നടത്തിയിരുന്നത്. 2018-19 കാലഘട്ടത്തിലെ വെള്ളപ്പൊക്കം മൂലം ഈ കെട്ടിടത്തിനും കേടുപാടുകൾ സംഭവിക്കുകയും 2020-21 മുതൽ അധ്യയന യോഗ്യമല്ലാതാകുകയും (unfit) ചെയ്തു. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലാണ് അധ്യയനം നടക്കുന്നത്. |
| * ആധുനിക സാങ്കേതിക വിദ്യയുടെ ലഭ്യതയും ഉപയോഗവും ഫലപ്രദമല്ല. | നെറ്റ് വർക്ക് ഒട്ടും ലഭ്യമല്ലാത്ത പ്രദേശമാണ്. സ്കൂളിൽ വൈ-ഫൈ കണക്ഷനും ലഭ്യമല്ല. കൈ-ഫോൺ സൗകര്യവും ലഭ്യമായിട്ടില്ല. |
| * കളിസ്ഥലവും കളിയുപകരണങ്ങളും ഫലപ്രദമല്ല. | താൽക്കാലികമായി ലഭിച്ചിരിക്കുന്ന പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ലഭ്യമാകുന്ന സൗകര്യങ്ങൾ പരിമിതമാണ്. |
| * കുട്ടികളിലെ പഠന പിന്നോക്കാവസ്ഥ, മാനസിക വികാസ മേഖലയിലെ മന്ദത, ഏകാന്തത | സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ, കൂലിപ്പണിക്കാരായ രക്ഷിതാക്കൾക്ക് വീട്ടിൽ കുട്ടികളെ നന്നായി ശ്രദ്ധിക്കാൻ കഴിയുന്നില്ല, കോവിഡ് കാലത്തെ അമിതമായ മൊബൈൽ ഉപയോഗം, അടച്ചുപൂട്ടലിന്റെ ഫലമായി കുട്ടികൾക്ക് സംഘമായി കളിക്കാനും ഇടപഴകാനും സംഘപ്രവർത്തനങ്ങളിൽ ഏർപ്പെടാനുമൊക്കെയുള്ള അവസരങ്ങളുടെ നഷ്ടപ്പെടൽ എന്നിവയെല്ലാം കുട്ടികളിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |

| പ്രശ്നങ്ങൾ | കാരണങ്ങൾ |
| --- | --- |
| * ഗതാഗത സൗകര്യം ലഭ്യമല്ല | ഉൾപ്രദേശം ആയതിനാൽ പൊതു ഗതാഗത സൗകര്യം ലഭ്യമല്ല. സാമ്പത്തിക ബാധ്യത കൂടുതൽ വരുന്ന വാഹനങ്ങളെയാണ് രക്ഷിതാക്കളും കുട്ടികളും അധ്യാപകരും ആശ്രയിക്കേണ്ടി വരുന്നത്. |

# ലക്ഷ്യങ്ങൾ

* ഓരോ ക്ലാസ്സുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുക.
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷം ഒരുക്കിക്കൊടുക്കുക.
* ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുക.
* ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
* മികവാർന്ന ഭൗതിക സാഹചര്യം ഒരുക്കുക.
* ഗവേഷണാത്മക അധ്യാപനത്തിനും, പഠനത്തിനും അവസരമൊരുക്കുക.
* പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
* പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ / വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.

* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
* മാലിന്യ ശേഖരണത്തിന് അനുയോജ്യമായ വിവിധ മാർഗങ്ങൾ ക്രമീകരിക്കുക.
* എല്ലാ കുട്ടികളെയും ഭാഷ (മലയാളം, ഇംഗ്ലീഷ്) തെറ്റില്ലാതെ സ്ഫുടമായി വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
* ഗണിതത്തിലെ അടിസ്ഥാന ശേഷികളായ ചതുഷ്ക്രിയകൾ അനായാസം കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* പരിസ്ഥിതി സൗഹൃദ മനോഭാവം എല്ലാ കുട്ടികളിലും വളർത്തുക.
* ശാസ്ത്ര വിഷയങ്ങളിൽ എല്ലാ കുട്ടികൾക്കും അഭിരുചിയും താല്പര്യവും വളർത്തുക.
* കലാ - കായിക - പ്രവൃത്തിപരിചയ മേഖലകളിൽ കുട്ടികളുടെ കഴിവുകൾ വളർത്തുക.
* വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി സമൂഹത്തിൽ ഉയർത്തിക്കാട്ടുക.
* ഭക്ഷണം തയ്യാറാക്കുന്നതിനും, വിതരണം ചെയ്യുന്നതിനും, ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക.
* ഗതാഗത സൗകര്യം ലഭ്യമാക്കുക.

# സ്കൂൾതല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

ക്ലാസ്സ്: I - IV

| ക്രമനമ്പർ | മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | മലയാളം - പഠന പിന്നോക്കാവസ്ഥ (വായന) | മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി വിപുലീകരിക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | 3000 | - <br> പിറന്നാൾ സമ്മാനം പദ്ധതി വായനാചരണത്തിന്റെ ഭാഗമായി ഉദ്ഘാടനം ചെയ്തു നടപ്പിലാക്കിവരുന്നു. |
| 2 | " | " | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ | ആഗസ്റ്റ് - മാർച്ച് | പി ടി എ, അധ്യാപകർ, പ്രാദേശിക ക്ലബുകൾ അഭ്യുദയകാംക്ഷികൾ | 10000 | |
| 3 | " | " | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ പ്രത്യേക വായനാ കോർണർ ഒരുക്കുന്നു. | ജൂൺ - ആഗസ്റ്റ് | അധ്യാപകർ, വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ | 5000 | ഒരുക്കിയിട്ടുണ്ട്. |
| 4 | " | അർത്ഥപൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നതിന് | അസംബ്ലിയിൽ പത്ര വായന നടത്തുന്നു | ജൂൺ - മാർച്ച് | അധ്യാപകർ, വിദ്യാർത്ഥികൾ അഭ്യുദയകാംക്ഷികൾ | 3000 | നടന്നുവരുന്നു |

| ക്രമ നമ്പർ | മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 5 | മലയാളം - ലേഖനം | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയ വിശേഷങ്ങൾ, ക്ലാസ്സിലെ പഠന പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ്സ് തല പതിപ്പുകൾ | ജൂലൈ - മാർച്ച് | അധ്യാപകർ കുട്ടികൾ | 3000 | പതിപ്പുകൾ തയ്യാറാക്കുന്നുണ്ട്. |
| 6 | " | കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക | സർഗാത്മക രചനകൾ നടത്തുന്നു, പ്രസിദ്ധീകരിക്കുന്നു (ചുമർപത്രം, കൈയെഴുത്ത് മാസിക) | ജൂലൈ - ഫെബ്രുവരി | അധ്യാപകർ കുട്ടികൾ | 2000 | ക്ലാസ്സ് തല പ്രവർത്തനങ്ങളിലും ദിനാചരണങ്ങളോടനുബന്ധിച്ചും സർഗാത്മക രചനകൾ നടത്തുന്നുണ്ട്. |
| 7 | " | എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ (വായനാകാർഡ്, ലൈബ്രറി പുസ്തകം വിദ്യാലയം നൽകുന്നു.) | ജൂലൈ - മാർച്ച് | അധ്യാപകർ കുട്ടികൾ രക്ഷിതാക്കൾ | 3000 | ലൈബ്രറി പുസ്തകങ്ങൾ നൽകി വരുന്നു. |
| 8 | ആശയ ഗ്രഹണം | ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂലൈ - മാർച്ച് | അധ്യാപകർ | | പഠനപിന്നോക്ക പരിഹാര ബോധനം നടത്തി കുട്ടികളെ ആശയ വിനിമയശേഷി കൈവരിക്കാൻ പ്രാപ്തരാക്കുന്നു. |

| ക്രമ നമ്പർ | മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 9 | ഇംഗ്ലീഷ്-വായന | ഒഴുക്കോടെയും ഭാവത്തോടെയും വായിക്കാനുള്ള കഴിവ് നേടുക | രക്ഷിതാക്കളെയും ഉൾപ്പെടുത്തി വായനകാർഡ് നിർമിക്കൽ | ജൂലൈ | ക്ലാസ് അധ്യാപകർ, രക്ഷിതാക്കൾ | 2000 | വായനകാർഡുകൾ തയ്യാറാക്കി. |
| | | | വായനകാർഡുകൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ കുട്ടികൾ വായിക്കുന്നു. | ജൂലൈ-ഫെബ്രുവരി | അധ്യാപകർ കുട്ടികൾ | | |
| 10 | പ്രകടന വേദികൾ | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ജൂലൈ-മാർച്ച് | അധ്യാപകർ കുട്ടികൾ | | ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ ഒരു ദിവസം നടന്നുവരുന്നു. |
| 11 | ലേഖനം | എല്ലാ കുട്ടികളെയും ഇംഗ്ലീഷ് ഭാഷ ലളിതമായി എഴുതാൻ പ്രാപ്തരാക്കുക | ചിത്ര വിവരണം<br>കഥാ പൂരണം<br>കവിതാ പൂരണം<br>വായനാക്കുറിപ്പ് തയ്യാറാക്കൽ | സെപ്റ്റംബർ-ഫെബ്രുവരി | അധ്യാപകർ | 1000 | |
| 12 | ഗണിതം-ഗണിത കേളികൾ | അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജിക്കുന്നതിന് | ക്ലാസുകളിൽ ഗണിത മൂല/കിറ്റ് സജ്ജീകരിക്കൽ (മഞ്ചാടി, ഈർക്കിൽ, കള്ളനോട്ട്, മുത്ത് തുടങ്ങിയവ) | ജൂൺ | ക്ലാസ് അധ്യാപകർ | 2000 | ഗണിതകിറ്റ് സജ്ജമാക്കിയിട്ടുണ്ട്. |

| ക്രമ നമ്പർ | മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 13 | ഗണിതം | ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കാധിഷ്ഠിത ധാരണ / ആശയങ്ങൾ ശേഷികൾ കുട്ടികൾ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ - മാർച്ച് | ഗണിതാധ്യാപകർ | | പരിഹാര ബോധനം നടത്തി വരുന്നു |
| 14 | ആരോഗ്യ-കായിക വിദ്യാഭ്യാസം | കുട്ടികളിൽ കായികക്ഷമത വളർത്തുന്നതിന് | കായികക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക. | സെപ്തംബർ-ജനുവരി | അധ്യാപകർ | | |
| | | | യോഗാ പരിശീലനം നൽകുക | ജൂൺ | യോഗാ മാസ്റ്റർ | | യോഗാ പരിശീലനം നൽകി. |
| | | | കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കൽ | ജൂൺ - മാർച്ച് | [illegible], പി ടി എ, അഭ്യുദയകാംക്ഷികൾ | | |
| | | കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് | വൈദ്യപരിശോധന ബോധവത്കരണ ക്ലാസുകൾ | ജൂൺ - മാർച്ച് | ഡോക്ടേഴ്സ്, പ്രാഥമിക ആരോഗ്യകേന്ദ്രം അധ്യാപകർ | | വൈദ്യപരിശോധന നടത്തുന്നതിന് തൊട്ടടുത്ത് ആശുപത്രിയിൽ നിന്നും ഡോക്ടർമാർ എത്തി പരിശോധന നടത്തി. |
| 15 | പ്രവൃത്തി പരിചയം | പ്രവൃത്തിപരിചയത്തിൽ കുട്ടികളെ വളർത്തുന്നതിന് | പരിശീലനക്ലാസുകൾ | ആഗസ്റ്റ് - നവംബർ | അധ്യാപകർ, രക്ഷിതാക്കൾ | | |

| ക്രമ നം | മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 16 | കലാപഠനം | കുട്ടികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് | വിവിധ കലകളിലൂടെ പരിശീലനം<br>സർഗവേളകൾ സംഘടിപ്പിക്കൽ | സെപ്തംബർ- നവംബർ<br>ജൂലൈ- മാർച്ച് | അധ്യാപകർ, രക്ഷിതാക്കൾ പ്രാദേശിക കലാകാരന്മാർ<br>അധ്യാപകർ, വിദ്യാർത്ഥികൾ | | |
| 7 | ഐ ടി | കുട്ടികളെ സാങ്കേതികവിദ്യയിൽ അറിവുള്ളവരാക്കുക | ഐടി ഉപകരണങ്ങൾ ലഭ്യമാക്കൽ<br>ഐ ടി പരിശീലനം | ജൂൺ- മാർച്ച് | അഭ്യുദയകാംക്ഷികൾ, കൈറ്റ്, എസ് എസ് കെ അധ്യാപകർ | | |
| 8 | ഭൗതിക സാഹചര്യം | സ്കൂൾ കെട്ടിടം ലഭ്യമാക്കുന്നതിന് (പുതിയത്) | പുതിയൊരു സ്കൂൾ കെട്ടിടം നിർമാണത്തിനാവശ്യമായ നടപടികൾ | ജൂൺ- മാർച്ച് | സർക്കാർ, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനം, പിടിഎ, നാട്ടുകാർ, അഭ്യുദയകാംക്ഷികൾ, പൂർവവിദ്യാർത്ഥികൾ | | |